LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.കെ.നായനാർ ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മങ്ങാട്ടു പറമ്പിലേക്ക് 57 തസ്തികകൾ കണ്ണൂർ ജില്ലയിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഷിഫ്റ്റ് ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും പിന്നീട് 59 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ടി ആശുപത്രിക്കുവേണ്ടി സുനാമി റീഹാബിലിറ്റേഷൻ പദ്ധതിവഴി 3 കോടി രൂപ ചെലവഴിച്ച് പുതിയ ബ്ലോക്ക് നിർമ്മിച്ചു. ഈ ആശുപത്രിയിലേക്കാവശ്യമായ ഉപകരണങ്ങൾക്കും ഫർണിച്ചറുകൾക്കുമായി ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തു. എൻ.ആർ.എച്ച്.എം. മുഖേന 13,61,344 രൂപ അടിസ്ഥാന സൗകര്യവികസനങ്ങൾക്കായും ചെലവഴിച്ചിട്ടുണ്ട്. തളിപ്പറമ്പ് താലൂക്കാശുപത്രിക്കുവേണ്ടി എം.ജി.പി. ഫണ്ട് പ്രകാരം 30,70,791 രൂപയുടെ ആശുപത്രി ഉപകരണങ്ങൾ വാങ്ങി ലഭ്യമാക്കുകയുകയും കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ഒ.പി. ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ നിർമ്മാണത്തിനായി 2314786 രൂപ ചെലവാക്കി ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും 2 കോടി രൂപ ചെലവാക്കി ഈ ആശുപത്രിയുടെ 8 കർട്ടേഴ്സുകളടക്കമുള്ള നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്.

മലപ്പട്ടം പി.എച്ച്.സി.യുടെ വികസനത്തിനായി എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും 2,56,000 രൂപയും മെഡിസിനും ഫർണിച്ചറും വാങ്ങുന്നതിനായി മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽനിന്നും 80,000 രൂപയും അനുവദിച്ചിട്ടുണ്ട്. പരിയാരം പ്രാഥമികാരോഗ്യകേന്ദ്രത്തിന് മെഡിസിനും വികസനപ്രവർത്തനങ്ങൾക്കുമായി ഡി.എച്ച്.എസ്.ൽ നിന്നും 2,10,555 രൂപയും എൻ.ആർ.എച്ച്.എം.വഴി 8,81,623 രൂപയും അനുവദിച്ചിട്ടുണ്ട്. കൊളച്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും ഗ്രാമ പഞ്ചായത്ത് വിഹിതമായും വികസന പ്രവർത്തനത്തിനായി യഥാക്രമം 8,81,623 രൂപ, 36,785 രൂപ എന്നിവ അനുവദിച്ചിട്ടുണ്ട്. ഒടുവള്ളിത്തട്ട് സാമൂഹികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനായി തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട്പ്രകാരം 26,15,000 രൂപയും എൻ.ആർ.എച്ച്.എം. വഴി 1,76,351 രൂപയും അനുവദിച്ചിട്ടുണ്ട്.

മരുന്നുകളുടെ ലഭ്യത

19 (599) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗവൺമെന്റ് ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സർക്കാർ ആശുപത്രികളിൽ ഗുണമേന്മയുള്ള മരുന്നുകളും ചികിത്സാ സാമഗ്രികളും മിതമായ വിലയ്ക്ക് വാങ്ങി സംഭരിച്ച് ആവശ്യാനുസരണം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്തു വരുന്നു. വിദഗ്ദ്ധസമിതിയുടെ ശുപാർശ അനുസരിച്ചാണ് മരുന്നുകൾ സർക്കാർ ആശുപത്രികളിലേക്ക് വിതരണത്തിനായി കോർപ്പറേഷൻ സംഭരിക്കുന്നത്.

ആശുപത്രികൾ നൽകുന്ന വാർഷിക ഇൻഡന്റ് പ്രകാരം ആവശ്യമുള്ള മരുന്നുകൾ സംഭരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മെഡിക്കൽ കോളേജുകളൾക്ക് മാസത്തിൽ മൂന്നുപ്രാവശ്യവും, ജനറൽ/ജില്ലാ ആശുപത്രികൾക്ക് മാസത്തിൽ രണ്ടുപ്രാവശ്യവും താലൂക്ക് ആശുപത്രികൾ, ബി.പി.എച്ച്.സി., സി.എച്ച്.സി., പി.എച്ച്.സി. എന്നിവയ്ക്ക് മാസത്തിൽ ഒരു പ്രാവശ്യവും മിനി പി.എച്ച്.സി.കൾക്ക് മൂന്നു മാസത്തിലൊരിക്കലുമെന്ന ക്രമത്തിൽ വിതരണം ചെയ്യുന്നു.

അധികമരുന്നു അത്യാവശ്യമായി വന്നാൽ കൂടുതൽ പ്രാവശ്യം മരുന്നു നൽകാറുണ്ട്. ഏതെങ്കിലും ജില്ലയിൽ മരുന്നിന്റെ കുറവ് അനുഭവപ്പെട്ടാൽ അവ ഇന്റർവെയർ ഹൗസ് ട്രാൻസ്ഫർമുഖേന ലഭ്യമാക്കാറുണ്ട്.

എല്ലാ ജില്ലകളിലെയും സർക്കാർ ആശുപത്രികളിലും ആവശ്യാനുസരണം ഇപ്പോൾ മരുന്നുകൾ ലഭ്യമാണ്.

പമ്പാനദിയുടെ മലിനീകരണം

20 (600) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാനദിയും പമ്പയുടെ കൈവഴിയായ ഞുണങ്ങാറും മലിനീകരിക്കപ്പെട്ടതായി മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ അന്വേഷണങ്ങളിൽ കണ്ടെത്തുകയുണ്ടായോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഇത് സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) മലിനീകരണം തടയുവാൻ ഏതെല്ലാം മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവെന്നും ഇതിൽ ഏതെല്ലാം നടപ്പിലാക്കിയെന്നും അറിയിക്കുമോ ;

(ഇ) ദേവസ്വം ബോർഡ് സ്വീകരിക്കുന്ന താത്കാലിക മാർഗ്ഗങ്ങൾ മലിനീകരണം തടയുവാൻ പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly